II ഇ.ബി. XIII- കേരള നിയമസഭ/X-11

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**33 (*301) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 2014-2015-ലെ ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുവിതരണ സമ്പ്രദായത്തിലൂടെ ഗാർഹികാവശ്യത്തിന് ലഭിക്കുന്ന മണ്ണെണ്ണയുടെ ഒരു വിഹിതമാണ് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് സമ്പ്രദായത്തിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്നത്. മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക മണ്ണെണ്ണ ക്വാട്ട കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നില്ല. കേന്ദ്രസർക്കാരിൽ നിന്ന് 2010 മാർച്ച് വരെ പ്രതിമാസം 23160 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമാകുകയും അതിനുശേഷം 18756 കി.ലി., 2011 ജൂലൈ മുതൽ 15960 കി.ലി., 2012 ഏപ്രിൽ

മുതൽ 10016 കി.ലി. എന്ന തോതിൽ അലോട്ട്മെന്റ് കുറയുകയും ചെയ്തിട്ടുണ്ടെന്നും ഇപ്പോഴും അതേ നിലയിൽ തുടർന്നുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. 2012 ഏപ്രിൽ മാസം വരെ 2532 കി..ലി. മണ്ണെണ്ണയാണ് മത്സ്യബന്ധന മേഖലയ്ക്കായി വിതരണം ചെയ്തിരുന്നത്. കേന്ദ്ര അലോട്ട്മെന്റ് ക്രമാതീതമായി കുറഞ്ഞതിനാൽ പി.ഡി.എസ്. വഴി ലഭിക്കുന്ന മണ്ണെണ്ണയിൽ നിന്നും 2525 കി.ലി. ആണ് 2012 ഏപ്രിൽ മുതൽ മത്സ്യ മേഖലയ്ക്കായി നൽകിവരുന്നത്. 10 എച്ച്.പി. യുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 129 ലി., 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ 136 ലി., 15 എച്ച്.പി..–ക്ക് മുകളിൽ 180 ലി. എന്ന തോതിലാണ് മണ്ണെണ്ണ വിതരണം ചെയ്യുന്നത്. മത്സ്യബന്ധന യാനങ്ങളുടെ സംയുക്ത പരിശോധനയിലൂടെ 17930 പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ടെന്നും വർഷന്തോറും ഇത് നടത്തുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതിനായി പരിശോധന കേന്ദ്രങ്ങളിൽ ഡാറ്റ എൻട്രി ചെയ്യാനും വീഡിയോ പകർത്താനും നിരീക്ഷണം നടത്താനും തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മത്സ്യത്തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നടപ്പാക്കുന്നതിന് 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എൽ.പി.ജി. കണക്ഷനുകളുടെയും വൈദ്യുതീകരിച്ച വീടുകളുടെയും എണ്ണത്തിന് ആനുപാതികമായി പി.ഡി.എസ്. മണ്ണെണ്ണയുടെ ക്വാട്ടയിൽ കുറവുവരികയാണെന്നും മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ക്വാട്ട അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കമ്പനികളിൽ നിന്ന് നേരിട്ട് മണ്ണെണ്ണ വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതു സംബന്ധിച്ച് ആലോചിച്ചുവരികയാണെന്നും മത്സ്യബന്ധന മേഖലയിൽ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു

വേണ്ടി ചട്ടങ്ങളിലും വ്യവസ്ഥകളിലും മാറ്റം വരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

34(*302) വനം കൊള്ളക്കാരെ നേരിടുന്നതിന് പരിശീലനം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ആയുധധാരികളായ വനം കൊള്ളക്കാരെ നേരിടുന്നതിനായി 109 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി റെയ്ഞ്ചറുടെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ഫോറസ്റ്റ് സ്റ്റേഷനുകളിലും 4 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും 8 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഉൾപ്പെടെ 13 ജീവനക്കാർ പ്രവർത്തിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഫോറസ്റ്റ് സ്റ്റേഷൻ നിലവിലില്ലാത്ത സ്ഥലങ്ങളിൽ ഓരോ റെയ്ഞ്ചിന് കീഴിൽ 3 മുതൽ അഞ്ചുവരെ സെക്ഷനുകളും ബീറ്റുകളുമുണ്ട്. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്ന ട്രെയിനിംഗിന്റെ ഭാഗമായി പോലീസ് വകുപ്പുമായി സഹകരിച്ച് പോലീസ് അക്കാഡമിയിൽ മൂന്ന് മാസത്തെ പരിശീലനം നൽകുന്നുണ്ടെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും പരിശീലനം ലഭിച്ചവരാണെന്നും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് വിവിധ സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് റെയ്ഞ്ചേഴ്സ് കോളേജുകളിൽവച്ച് പരിശീലനം ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് വാഹനങ്ങളും ജീവനക്കാർക്ക് റൈഫിൾ, പിസ്റ്റൾ, റിവോൾവർ തുടങ്ങിയ ആയുധങ്ങൾ, ജി.പി.എസ്, വയർലസ് തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ടെന്നും കൂടുതൽ

റിവോൾവർ/റൈഫിൾസ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വനംകൊള്ള തടയുന്നതിന് കമ്പ്യൂട്ടർ ചിപ്പ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും വനം കയ്യേറ്റത്തിനെതിരെ കർശന നടപടിയെടുക്കുന്നുണ്ടെന്നും 700 ആദിവാസികളെ വനപാലകരായി നേരിട്ട് നിയമിക്കാൻ തീരുമാനിച്ചതിൽ 90 പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും പ്രത്യേക ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുകയും ഫെൻസിംഗ് ഏർപ്പെടുത്തുകയും ദ്രുത കർമ്മ സേന രൂപീകരിക്കുകയും ചെയ്തതിലൂടെ ചന്ദനക്കടത്ത് അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ അതിർത്തി വനങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മാവോയിസ്റ്റ് അതിക്രമങ്ങൾക്കെതിരെ ബഹുജനാഭിപ്രായം സംഘടിപ്പിക്കാൻ സർവ്വകക്ഷിയോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും വനപാലകരും പോലീസും സംയുക്തമായി കോമ്പിംഗും കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങളുമായി ചേർന്ന് ജോയിന്റ് ഓപ്പറേഷൻസും നടത്താനും അതിർത്തി പ്രദേശങ്ങളിലെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി അറിയിച്ചു.

35 (*303) <u>പാകിസ്ഥാൻ ചാരസംഘടനയുടെ പ്രവർത്തനം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, പാകിസ്ഥാൻ ചാരസംഘടനയുടെ പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി വിവരം ലഭിച്ചിട്ടില്ലെന്നും തീവ്രവാദ-ഭീകര

വാദ പ്രസ്ഥാനങ്ങളെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇന്റലിജൻസിന് കീഴിലുള്ള ആഭ്യന്തര സുരക്ഷാവിഭാഗം നിരീക്ഷണം നടത്തുകയും സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ആഭ്യന്തരസുരക്ഷയെ ബാധിക്കുന്ന തരത്തിൽ ഫെയ്സ് ബുക്കിലും ട്വിറ്ററിലും വരുന്ന വാർത്തകൾ നിരീക്ഷിക്കുന്നതിന് പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും നിരീക്ഷണ വിവരങ്ങൾ യഥാസമയം സെൻട്രൽ ഏജൻസിയെ അറിയിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3701 മുതൽ 3773 വരെയുള്ള ചോദ്യങ്ങളിൽ 166 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി